"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതു വിദ്യാഭ്യാസ വകുപ്പ് - പാലക്കാട്, പുലാപ്പറ്റ സെൻട്രൽ അപ്പർ പ്രൈമറി സ്കൂൾ കോർപ്പറേറ്റ് മാനേജർ ഫയൽ ചെയ്ത ഡബ്ല്യൂ. പി (സി) നം. 27305/2021 മേൽ ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച 02.12.2021-ലെ വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്

സ.ഉ.(സാധാ) നം.2236/2022/GEDN തീയതി,തിരുവനന്തപുരം, 04-04-2022

---

പരാമർശം:-

1. പാലക്കാട്, പുലാപ്പറ്റ സെൻട്രൽ അപ്പർ പ്രൈമറി സ്കൂൾ കോർപ്പറേറ്റ് മാനേജരുടെ 27/09/2021 തീയതിയിലെ പുന പരിശോധനാ ഹർജി(Ext.P4).
2. ബഹു. കേരള ഹൈക്കോടതിയുടെ 02.12.2021-ലെ W.P.(C) No. 27305/2021 മേലുള്ള വിധിന്യായം.
3. ചെറുപ്ലശ്ശേരി ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 31/01/2022, തീയതികളിലെ സി/3615/21 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

പാലക്കാട്, പുലാപ്പറ്റ സെൻട്രൽ അപ്പർ പ്രൈമറി സ്കൂൾ കോർപ്പറേറ്റ് മാനേജർ ഫയൽ ചെയ്ത ഡബ്ല്യൂ. പി (സി) നം. 27305/2021 മേൽ ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച പരാമർശം 2 വിധിന്യായത്തിൽ ഹർജിക്കാരൻ സർക്കാർ മുൻപാകെ ഫയൽ ചെയ്ത Ext.P4(പരാമർശം 1) പുന പരിശോധനാ ഹർജി ഹർജിക്കാരനെ കേട്ട് തീർപ്പാക്കണമെന്ന് ഒന്നാം എതിർകക്ഷിയായ പൊതു വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയ്ക്ക് നിർദ്ദേശം നൽകുകയുണ്ടായി. ആയത് പ്രകാരം ഈ കേസുമായി ബന്ധപ്പെട്ടവരുടെ വാദം 15. 3. 2022-ന് ഗൂഗിൾ മീറ്റ് വഴി കേട്ടു.

2. ചെർപ്പുളശ്ശേരി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ റിപ്പോർട്ട് പ്രകാരം ഈ കേസിന്റെ ചരിത്രം ചുവടെ പറയും പ്രകാരമാണ്:-

എ) സെൻട്രൽ യു പി സ്കൂൾ പുലാപ്പറ്റ യിൽ യു പി എസ് ടി തസ്തികയിൽ 28.06.2019 മുതൽ നിയമിതയായ ബിഎഡ് ട്രെയിനിങ് യോഗ്യതയുള്ള ശ്രീമതി ദിവ്യ എച്ച് എം ന്റെ നിയമനാംഗീകാരം നിരസിച്ചതിനെതിരെയാണ് മാനേജർ ഹൈക്കോടതിയെ സമീപിച്ചത്. പ്രസ്തുത സ്കൂളിലെ യു പി എസ് ടി തസ്തികയിൽ ജോലി ചെയ്തുവന്നിരുന്ന ശ്രീമതി ചിത്രയെ ഷിഫ്റ്റ്

ചെയ്ത് സൃഷ്ടിച്ച ഒഴിവിലേക്കാണ് ശ്രീമതി ദിവ്യയുടെ നിയമനം നടത്തി മാനേജർ അംഗീകാരത്തിനായി പ്രൊപ്പോസൽ സമർപ്പിച്ചിരുന്നത്. എന്നാൽ ശ്രീമതി ചിത്രയെ എൽ പി എസ് ടി ആയി ഷിഫ്റ്റ് ചെയ്തത് അംഗീകരിച്ച ലഭിക്കുന്നതിനായി പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടറെ സമീപിച്ചിരുന്നെങ്കിലും ആയത് ശബരി ചാരിറ്റബിൾ ട്രസ്റ്റിന് കീഴിലുള്ള സ്കൂളുകളെ സംയുക്തമായി കോർപ്പറേറ്റ് സ്കൂളുകളായി പരിഗണിക്കുകയോ സംയോജിത സ്ഥാന വിവരപട്ടിക അംഗീകരിച്ച നൽകുകയോ ചെയ്യാത്തതിനാൽ ഷിഫ്റ്റിംഗ്- നുള്ള അനുമതി നിരസിക്കുകയാണ് ഉണ്ടായത്. മേൽ സാഹചര്യത്തിൽ ശ്രീമതി ദിവ്യയെ ഉൾക്കൊള്ളാൻ ആവശ്യമുള്ള തസ്തിക സ്കൂളിൽ ലഭ്യമാകാത്ത സാഹചര്യം ഉണ്ടായി. കൂടാതെ ശ്രീമതി ദിവ്യ കെ.ടെറ്റ് യോഗ്യത നേടാത്ത ആൾ ആയതിനാലും സ്കൂളിൽ നിന്ന് നിയമന തീയതിയിലെ സ്റ്റാഫ് ലിസ്റ്റ് സമർപ്പിക്കാത്തതിനാൽ കൊണ്ടുകൂടിയാണ് യു പി എസ് ടി തസ്തികയിലുള്ള നിയമനാംഗീകാരം ഉത്തരവിനെതിരെ സമർപ്പിച്ച അപ്പീൽ മണ്ണാർക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറും റിവിഷൻ അപ്പീൽ പൊതു വിദ്യാഭ്യാസ അഡീഷണൽ ഡയറക്ടറും നിരസിച്ചത്.

ബി) കൂടാതെ സർക്കാർ ഉത്തരവ് നമ്പർ.ജി.ഒ(പി) 188/ 2000 തീയതി 8 .06. 2000 പ്രകാരം 8 .06. 2000 ന് ശേഷം എൽ പി എസ് ടി യു പി എസ് ടി തസ്തികകളിലെ ഷിഫ്റ്റിംഗ് അനുവദനീയമല്ല.സർക്കാർ ഉത്തരവ് നമ്പർ 275/2021 തീയതി 6.12.2021 പ്രകാരം ഷിഫ്റ്റിങ്ങിന് വിധേയരാകുന്ന എൽ പി എസ് ടി/ യു പി എസ് ടി കാർ ജൂനിയർട്ടു ജൂനിയർ മോസ്റ്റ് ആയി തുടരാൻ സമ്മതമാണെന്ന് സത്യപ്രസ്താവന മാനേജർക്ക് നൽകുകയും മാനേജർ മേൽ അപേക്ഷ ശുപാർശചെയ്ത് വിദ്യാഭ്യാസ ഓഫീസർക്ക് അയച്ചുകൊടുത്ത് അനുമതി ലഭിക്കുന്ന മുറയ്ക്ക് മാത്രമേ സ്ഥിരമായി കാറ്റഗറി മാറ്റം പ്രാബല്യത്തിൽ വരുകയുള്ളൂ. ഇത്തരം നടപടിക്രമങ്ങളിൽ മാനേജർ ഏർപ്പെടുമ്പോൾ 51എ 51ബി അവകാശികളുടെ നിയമനത്തിനു/ പുനർനിയമനം തടസ്സം വരാത്ത രീതിയിൽ ആയിരിക്കണം എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ, ശ്രീമതി ദിവ്യ ടി ടി സി യോഗ്യത ഇല്ലാത്ത നിയമനാർത്ഥി ആകയാൽ ഈ ആനുകൂല്യത്തിന് അർഹതയില്ല എന്ന് കാണുന്നു.

3. സർക്കാർ, Ext.P4(പരാമർശം 1) പുന പരിശോധനാ ഹർജിയിലെ ആവശ്യം ഉപ ജില്ലാ വദ്യാഭ്യാസ ഓഫീസറുടെ റിപ്പോർട്ടിന്റെയും ഹിയറിങ്ങ് സമയത്തെ വാദത്തിന്റെയും, ഹാജരാക്കപ്പെട്ട രേഖകളുടെയും ബന്ധപ്പെട്ട ചട്ടങ്ങൾ/ ഉത്തരവുകൾ എന്നിവയുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. വിദ്യാഭ്യാസ ഓഫീസർ ഇക്കാര്യത്തിൽ ഉയർത്തുന്ന തടസ്സവാദങ്ങൾ ജി.ഒ(എം.എസ്) 275/2021 തീയതി 6.12.2021 പ്രകാരം അടിസ്ഥാനരഹിതമാണെന്നു കാണുന്നു. പ്രസ്തുത ഉത്തരവ് തീയതി വരെ വിദ്യാഭ്യാസ

ഓഫീസർമാരുടെ അനുമതി കൂടാതെ നടത്തിയ ഷിഫ്റ്റിങ്ങ്, ആയത് ചട്ടപ്രകാരം അതതു തസ്തികകൾക്കു വേണ്ടതായ യോഗ്യതകൾക്ക് വിരുദ്ധമല്ലെങ്കിൽ, ഒരു ഒറ്റത്തവണ തീർപ്പാക്കലിന്റെ സ്വഭാവത്തോടെ സർക്കാർ മാപ്പാക്കി നൽകിയിട്ടുണ്ട്. അതുകൊണ്ട്, ഇവിടെ പരാമർശിക്കുന്നതായ ഷിഫ്റ്റിങ്ങ് പ്രസ്തുത ഉത്തരവു പ്രകാരം ക്രമവൽക്കരിക്കപ്പെട്ടു. ഇനി, അക്കാര്യം ചൂണ്ടിക്കാട്ടി ശ്രീമതി ദിവ്യയുടെ നിയമനം അംഗീകരിക്കാതിരിക്കുന്നതിനു പ്രസക്തിയില്ല. എന്നാൽ, ഹിയറിങ്ങിൽ ഹാജരായിരുന്ന ഡെപ്യൂട്ടി ഡയറക്ടറുടെ പ്രതിനിധി പ്രസ്തുത മാനേജ്മെൻറ്റിലെ മറ്റൊരു സ്കൂളിൽ തസ്തികനിർണ്ണയം വഴി പുറത്താകുന്ന ശ്രീമതി സജിതകുമാരി എന്ന ടീച്ചറെ നിലനിർത്താനുള്ള ഒഴിവിലാണ് ശ്രീമതി ദിവ്യയുടെ നിയമനം നടത്തിയിട്ടുള്ളതെന്ന് ചൂണ്ടിക്കാണിച്ചിട്ടുണ്ട്. പക്ഷെ, ഇക്കാര്യം ശ്രീമതി ദിവ്യയുടെ നിയമനം നിരസിക്കുന്നതിനു കാരണമായി വിദ്യാഭ്യാസ ഓഫീസറോ അപ്പലേറ്റ് അതോറിട്ടിയോ റിവിഷണറി അതോറിട്ടിയോ പരാമർശിച്ചിട്ടില്ല. സർക്കാർ മുമ്പാകെ ഒരു റിവിഷൻ പരിഗണിക്കുമ്പോൾ മുമ്പ് വിദ്യാഭ്യാസ അധികൃതർ ആരും ഉന്നയിക്കാതിരുന്ന ഓരോ കാരണങ്ങൾ പുതുതായി ഉദ്ധരിക്കുന്ന പ്രവണത കണ്ടുവരുന്നു. ഇതു ശരിയായ രീതിയല്ല. കാരണം, അപ്പലേറ്റ് തലത്തിലും റിവിഷൻ തലത്തിലും പ്രസ്തുത തടസ്സവാദങ്ങൾ കൂടി വിശകലനം ചെയ്യപ്പെടുന്നില്ല എന്നതാണ്. തന്മൂലം, പുതുതായി ഉന്നയിച്ച തടസ്സവാദത്തിന്റെ മെറിറ്റ് കൃത്യതയോടെ പരിശോധിക്കുന്നതിന് സർക്കാരിനു നിർവ്വാഹമില്ലാത്ത പരിതസ്ഥിതി സംജാതമാകുന്നു. ഇപ്രകാരം അംഗീകാരം നിരസിച്ചപ്പോഴോ അപ്പലേറ്റ് ഉത്തരവ് പുറപ്പെടുവിച്ചപ്പോഴോ റിവിഷണറി ഉത്തരവ് പുറപ്പെടുവിച്ചപ്പോഴോ തങ്ങളുടെ ശ്രദ്ധക്കുറവുമൂലം വിട്ടുപോയ തടസ്സവാദങ്ങൾ പിന്നീടു ഉന്നയിക്കുന്ന ഓഫീസർ തന്നെ ആയത് എപ്രകാരം രമ്യമായി പരിഹരിക്കാമെന്ന ശുപാർശ രേഖപ്പെടുത്തുന്നതിനും കൂടി ബാദ്ധ്യസ്ഥരാണെന്ന് ഇത്തരുണത്തിൽ ഓർമ്മപ്പെടുത്തുന്നു; അല്ലെങ്കിൽ, പ്രസ്തുത തടസ്സവാദങ്ങൾ ആദ്യമേ തന്നെ കണ്ടെത്തി തങ്ങളുടെ ഉത്തരവിൽ ചൂണ്ടിക്കാട്ടണമായിരുന്നു. ഇവിടെ, അത്തരം യാതൊരു ശുപാർശയും പരിഹാരമാർഗ്ഗവും മുന്നോട്ടുവയ്ക്കാതെ, 2021-ൽ ഒരു സർക്കാർ ഉത്തരവു ഉണ്ടായപ്പോൾ അതിലെ സാഹചര്യമനുസരിച്ച് ഒരു ടീച്ചറെ വിന്യസിക്കേണ്ടതായ ഒഴിവാണ് ശ്രീമതി ദിവ്യയെവച്ചു 2019-ൽ നികത്തിയതെന്ന തടസ്സവാദം ഉന്നയിക്കുന്നത് ബാലിശമാണെന്നുമാത്രമേ വിലയിരുത്താനാകൂ. പ്രസ്തുത ടീച്ചറെ അതേ സ്കൂളിൽ അതേ വർഷം അനുവദിക്കപ്പെട്ടതായ ഹെഡ് റ്റീച്ചർ ഒഴിവിൽ നിലനിർത്താവുന്നതാണെന്ന് മാനേജർ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. കെ.ഇ. ആർ അദ്ധ്യായം 21 ചട്ടം 7(1) അനുസരിച്ച് ഈ നടപടി അനുവദനീയമാണെന്നും കാണുന്നു.

മേൽ വിവരിച്ച സാഹചര്യങ്ങളിൽ ഈ കേസിൽ ഉന്നയിക്കപ്പെട്ടിരിക്കുന്ന തടസ്സവാദം ജി.ഒ(എം.എസ്) 275/2021/പൊവിവ തീയതി 6. 12. 2021 ലെ വ്യവസ്ഥകൾക്കു വിധേയമായി നീക്കിക്കൊണ്ടും തന്മൂലം വ്യവസ്ഥാപിതമായിരിക്കുന്ന ഒഴിവിൽ ശ്രീമതി  ദിവ്യ എച്ച് എം ന്റെ നിയമനാംഗീകാരം മറ്റു വിധത്തിൽ ക്രമപ്രകാരമെങ്കിൽ അംഗീകരിച്ച് നൽകുന്നതിന് ചെറുപ്ലശ്ശേരി ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകിക്കൊണ്ടും പാലക്കാട്, പുലാപ്പറ്റ സെൻട്രൽ അപ്പർ പ്രൈമറി സ്കൂൾ കോർപ്പറേറ്റ് മാനേജർ സർക്കാരിൽ സമർപ്പിച്ച പരാമർശം 1 പുന പരിശോധനാ ഹർജി(Ext.P4) തീർപ്പാക്കി അപ്രകാരം ബഹു: ഹൈക്കോടതി പുറപ്പെടുവിച്ച പരാമർശം 2 വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ പി എം മുഹമ്മദ് ഹനീഷ്
പ്രിൻസിപ്പൽ സെക്രട്ടറി

പകർപ്പ്:-

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖകത്ത് സഹിതം)
പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
വിദ്യാഭ്യാസ ഉപ ഡയറക്ടർ, പാലക്കാട്
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, മണ്ണാർക്കാട്, പാലക്കാട് ജില്ല.
ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ചെറുപ്ലശ്ശേരി, പാലക്കാട് ജില്ല.
കോർപ്പറേറ്റ് മാനേജർ, സെൻട്രൽ അപ്പർ പ്രൈമറി സ്കൂൾ,
പുലാപ്പറ്റ, പാലക്കാട്.
പ്രഥമാദ്ധ്യാപിക, സെൻട്രൽ അപ്പർ പ്രൈമറി സ്കൂൾ, പുലാപ്പറ്റ, പാലക്കാട്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( എ&ഇ, ആഡിറ്റ്), തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ്ബ് & ന്യൂ മീഡിയ) വകുപ്പ്
(സർക്കാർ വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിയ്ക്കാൻ)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

**Signed by Shahna Kumari S L**
**Date: 04-04-2022 13:59:20**
സെക്ഷൻ ഓഫീസർ